## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**<u>അട്ടപ്പാടി മേഖലയിലെ തൊഴിലുറപ്പു പദ്ധതി</u>**

നക്ഷത്രചിഹ്നമിടാത്ത

28.06.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

ചോദ്യം നമ്പർ : 4543

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തിൽ എത്ര പേരാണ് തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര തൊഴിൽ ദിനങ്ങളാണ് ശരാശരി കഴിഞ്ഞ ഒരു വർഷം ലഭിച്ചത്; ഇവരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | അട്ടപ്പാടി ബ്ലോക്കിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി 13700 കുടുംബങ്ങളിൽ നിന്നായി 23551 പേർ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു കുടുംബത്തിന് ശരാശരി 64 തൊഴിൽ ദിനങ്ങൾ കഴിഞ്ഞ വർഷം ലഭ്യമാക്കിയിട്ടുണ്ട്. വേതനം പൂർണ്ണമായി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മൂന്ന് പഞ്ചായത്തുകളിലുമായി എത്ര ആദിവാസികളാണ് തൊഴിൽ ഉറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു; ഇവരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഇവരുടെ വേതനമായി നൽകാനുള്ളത്? | (ബി) | നടപ്പ് സാമ്പത്തിക വർഷം, **(18.12.2013 വരെ)**, 7171 പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നായി 11112 പേർ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ, തൊഴിൽ ആവശ്യപ്പെട്ട 4636 കുടുംബങ്ങളിലെ 6898 പേർക്ക് 208233 തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവർക്കുള്ള വേതനം പൂർണ്ണമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

48